"CORRUPTION, A CRIME AGAINST NATION"

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി2506.2024

# "വീരണകാവ് മുൻ വില്ലേജ്അസിസ്റ്റന്റിനെ കൈക്കൂലി കേസ്സിൽ കഠിന തടവിന് ശിക്ഷിച്ചു."

തിരുവനന്തപുരം ജില്ലയിലെ വീരണകാവ് വില്ലേജിൽ 2016 കാലഘട്ടത്തിൽ വില്ലേജ് അസിസ്റ്റന്റായിരുന്ന ബാബുകാണിയെ3000/- രൂപ കൈക്കൂലി വാങ്ങിയതിന് തിരുവനന്തപുരം വിജിലൻസ് കോടതി ഏഴ് വർഷം കഠിനതടവിനും 15,000/- രൂപപിഴ ഒടുക്കുന്നതിനുംശിക്ഷിച്ചു.

വസ്തുവിൻ മേൽ ലോൺ എടുക്കുന്നതിന് ആവശ്യമായ റവന്യൂ രേഖകൾക്കായി സമീപിച്ച പരാതിക്കാരനിൽ നിന്നും രേഖകൾ ലഭ്യമാക്കുന്നതിന് 3000/- രൂപ കൈക്കൂലി വാങ്ങവെ തിരുവനന്തപുരം വിജിലൻസ് യൂണിറ്റ് ഡി.വൈ.എസ്.പി യായിരുന്ന ശ്രീ. ആർ.മഹേഷിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി2016 ജനുവരി 21-ൽ കൈയ്യോടെ പിടികൂടി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ച കേസ്സിലാണ്പ്രതി ബാബുകാണി കുറ്റക്കാരനാണെന്ന്തിരുവനന്തപുരം വിജിലൻസ് കോടതി കണ്ടെത്തി7 വർഷം കഠിനതടവിനും,15,000/-രൂപ പിഴയൊടുക്കുന്നതിനും ശിക്ഷിച്ചത്.

പ്രോസിക്യൂഷനുവേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീമതി വീണ സതീശൻഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി. കെ. വിനോദ്കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.